ഡിജിറ്റൽ മാഗസിൻ

# അക്ഷരക്കൂട്ടം

ജി എച്ച് എസ് എസ് കല്ല്യോട്ട്

# ആമുഖം

ഈ  അക്ഷരക്കൂട്ടത്തിൽ നന്മയുടേയും സ്നേഹത്തിന്റെയും നറുസ്പർശമുണ്ട്.നമ്മുടെ കുഞ്ഞുമക്കളുടെ ഭാഷാ പ്രയോഗങ്ങളുടെ ലാളിത്യവും സൗന്ദര്യവും ഉണ്ട്.സാഹിത്യവും ഭാഷയും സ്നേഹവും തമ്മിലുള്ള പാരസ്പര്യം അടുത്തറിയാൻ 'അക്ഷരക്കൂട്ടം 'വഴിതെളിക്കും.

ജി എച്ച് എസ് എസ് കല്ല്യോട്ട് ലിറ്റിൽ കൈറ്റ്സ്ന്റെ  നേതൃത്വത്തിൽ തയ്യാറാക്കിയ ഈ മാഗസിൻ സാഹിത്യ പ്രതിപകളായ കുട്ടികളുടെ സർഗശേഷികൾ പുറംലോകത്തെത്തിക്കുമെന്നതിൽ സംശയമില്ല.ഇതിനു പിന്നിൽ പ്രവർത്തിച്ച മുഴുവൻ ലിറ്റൽ കൈറ്റ്സ് കുട്ടികൾക്കും അവർക്ക് നേതൃത്വം നൽകിയ അധ്യാപർക്കും എന്റെ സ്നേഹം അറിയിക്കട്ടെ...അക്ഷരക്കൂട്ടം എന്ന ഈ ഡിജിറ്റൽ മാഗസിന് എന്റെ എല്ലാം ആശംസകളും നേരുന്നു.

സ്നേഹത്തോടെ

**ഹെഡ് മിസ്ട്രസ്**

ചിത്ര എംകെ

# പിന്നരങ്ങ്

**ശ്രീമതി.ശ്രീലക്ഷ്മി .എൻ** ,ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്

**ശ്രീമതി.മഞ്ജുള .എ** ,ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്

## ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

**വിഷ്ണു നാരായണൻ .കെ**

**അദ്വൈത് .കെ ടി**

**അനിരുദ്ധ് .കെ**

**അഭിനവ് .പി**

**ആദിത്യൻ .ടി**

**റിതിക് .എസ്**


താളുകൾ
മറിക്കുമ്പോൾ

# കൃതികൾ

- അമ്പിളിയമ്മാവൻ
- മൂക്കുത്തി
- പള്ളിക്കൂടം
- എന്റെ നാട്
- മലയാളം
- ജ്വലാഗ്നി
- മലയാളം
- കുട്ടിയുടെ പൂന്തോട്ടം
- തീ പടരുകയാണ്
- സൂത്രശാലിയായ സിംഹം
- വൃദ്ധനും രാജാവും

# ജി എച്ച് എസ് എസ് കല്ല്യോട്ട്



കല്ല്യോട്ട് നാടിൻറെ വിദ്യാഭ്യാസ ചക്രവാളത്തിൽ സൂര്യ തേജസായി വിളങ്ങി നിൽക്കുന്ന കലാലയമാണ് ജി എച്ച് എസ് എസ് കല്ല്യോട്ട് .കാസറഗോഡ് ജില്ല ഹൊസദുർഗ്ഗ് താലൂക്ക് പെരിയ ഗ്രാമം കല്ല്യോട്ട് എന്ന മനോഹരമായ ഗ്രാമപ്രദേശത്ത് സ്ഥിതി ചെയ്യുന്ന സർക്കാർ വിദ്യാലയമാണിത്. ബേക്കൽ ഉപജില്ലയിലെ മലയോര മേഖലയിലെ ഏക വിദ്യാലയമാണിത്അക്ഷരപുണ്യം പകർന്നു നൽകുന്ന വിദ്യാലയം നാട്ടിലെ കുഞ്ഞുങ്ങളുടെ പരിമിതികളെയും പ്രശ്നങ്ങളെയും വെല്ലുവിളിച്ച കൊണ്ട് പാഠ്യ പഠ്യേതര പ്രവർത്തനങ്ങളിൽ മികവാർന്ന പ്രകടനം കാഴ്ച വെച്ച് കൊണ്ട് മുന്നേറികൊണ്ടിരിക്കുകയാണ് ......

# അമ്പിളിയമ്മാവൻ

മാനത്തു മേഘങ്ങൾക്കിടയിലൂടെ
പുഞ്ചിരി തൂകി തെളിഞ്ഞു വന്നു
താരകമൊട്ടുകൾ വിരിഞ്ഞു വന്നു
രാത്രിയിൽ സുന്ദരി അണിഞ്ഞൊരുങ്ങി
അമ്പിളിമാമന്റെ വട്ട കവിളത്തു
കരിമഷിയാൽ പൊട്ടിട്ടതാരിത്തമ്മ
എന്തൊരു ചേലാണ് നിന്നഴക് കണ്ടിട്ടും
കണ്ടിട്ടും തീർന്നിടാതെ കണ്ണിമയ്ക്കാതെ
നോക്കി നിന്നു

വിഷ്ണു

# എന്റെ നാട്



ഞാൻ ജനിച്ച നാട്....

എന്റെ സ്വന്തം നാട്....

പച്ച വിരിച്ച നാട്....

ഭംഗിയുള്ള നാട്....

വയലുകളുടെ നാട്....

പൂക്കൾ വിരിഞ്ഞ നാട്....

ഞാൻ ജനിച്ച നാട്....

**അഭിനവ്**

# മലയാളം

മധുരം നിറയും മലയാളം
മധുരം കിനിയും മലയാളം
മഹനീയതയുടെ മലയാളം
മഹത്വമേറും മലയാളം

കിർത്തിയെഴുന്നൊരു മലയാളം
വർണമെഴുന്നൊരു മലയാളം
കേരളനാടിൻ കമനീയത
കനകം ചാർത്തിയ മലയാളം

മാമലനാടിൻ മലയാളം
മാനവികതയുടെ മലയാളം
മാവേലിനാടിൻ സംസ്കാരത്തെ
കിങ്ങിണികെട്ടിയ മലയാളം
മണ്ണിലുണർന്നൊരു മലയാളം
വിണ്ണിലുയർന്നൊരു മലയാളം
മണ്ണും വിണ്ണും ഒന്നായ് പാടിയ
ജനകോടികളുടെ മലയാളം!

**ഋതിക്**

# ജ്വലാഗ്നി

ലോകത്തു എല്ലായിടത്തും
കാണുന്നോരു അഗ്നി

ജലത്താൽ നശിപ്പിക്കാൻ
കഴിയത്തൊരു അഗ്നി
നമുക്ക് വേണ്ടി കരഞ്ഞ അഗ്നി
അമ്മ എന്നൊരു ജ്വാലഗ്നി
ജ്വലിക്കും നമുക്കുവേണ്ടി
എല്ലായിടത്തും എപ്പോഴും എന്നും
നമുക്ക് വേണ്ടി കരഞ്ഞ അഗ്നി
അമ്മ എന്നൊരു ജ്വാലഗ്നി.

**വിസ്മയ**

# മലയാളം

എന്റെ ഭാഷയാണ് മലയാളം

എന്റെ ജീവിതമാണ് മലയാളം

കേരളം ഒന്നാകെ മലയാളം

മലയാളമാണ് എല്ലാവരുടെയും ജീവതം

നാം ആദ്യം പറഞ്ഞത് മലയാളം

നമ്മുടെ സ്വർഗമാണ് മലയാളം

നമ്മുടെ അമ്മയാണ് മലയാളം

**ശീതൾ**

# കുട്ടിയുടെ പൂന്തോട്ടം

ഒരിടത്ത് ഒരു കൊച്ചു കുടിലിൽ ഒരു അമ്മയും മകളും ഉണ്ടായിരുന്നു അവിടെ അവർക്ക് മൂന്നുനേരം കഴിക്കാൻ ആഹാരമോ മാറി ഉടുക്കാൻ വസ്ത്രങ്ങളോ ഉണ്ടായിരുന്നില്ല അങ്ങനെ ഇരിക്കെ ആ കൊച്ചു പെൺകുട്ടിക്ക് മനസ്സിൽ ഒരു ചിന്ത തോന്നി. ഇവിടെ ഒരു ചെറിയ ഒരു പൂന്തോട്ടം ഉണ്ടാക്കിയാലോ അങ്ങനെ അവൾ ഒരു പൂന്തോട്ടം

ഉണ്ടാക്കി . അതിന് അവളെ അമ്മ കൂടി

സഹായിച്ചു .ആ പൂന്തോട്ടത്തിൽ പല

നിറത്തിൽ നല്ല മണമുള്ള പൂക്കൾ

വിരിഞ്ഞു . അവർ അതു പറിച്ചെടുത്തു

കുറേ മാലകൾ ആക്കി ചന്തയിൽ

കൊണ്ടുപോയി വിറ്റു കാശുണ്ടാക്കി.അത്

അമ്മയ്ക്ക് കൊടുത്തു . അങ്ങനെ

കഷ്ടപാടുകളെല്ലാം മാറി അവർ

സന്തോഷമായി ജീവിച്ചു.

അഭയ്‌രാജ്

# തീ പടരുകയാണ്

പടരേണം തീയാം നീ പടർന്നിടേണം
എന്റെയോ നിന്റെയോ ഉള്ളറയിലെ
അറിവാം തീ ആളിപ്പടർന്നീടേണം
ചെറുകനലായ് ഉത്ഭവിച്ചെന്നിൽനിന്ന്
വിശ്വം കിഴ്പ്പ്പെടുത്താനായ് ഇതുമതി .
ചങ്ങാതിയായ് തൂലികയും താളും
വീഥിയിൽ നിന്നെ വരവേൽപ്പുണ്ട്
മനസ്സിലെ തീക്കനൽ ഊതിയൂതി
ഇനിയും നീ ലോകം കിഴടക്കു
മലാലയും ഐറിനും ഇന്നീലോകത്തിൻ
പോൻതീകളായി മാറിയെങ്കിൽ
പോരാട്ടുക നീ പോരാട്ടുക
അറിവെന്ന തീയെ എത്തിപ്പിടിക്കുക

**സാന്ദ്രാ ചന്ദ്രൻ**

# സൂത്രശാലിയായ സിംഹം

പണ്ട് പണ്ട് ഒരു കാട്ടിൽ സിംഹവും മുയലും താമസിച്ചിരുന്നു.സിംഹം വളരെ സൂത്രശാലിയായിരുന്നു മുയൽ ഒരു പാവമായിരുന്നു ഒരു ദിവസം മുയൽ നടന്നു വരുമ്പോൾ വഴിയരികിൽ സിംഹത്തെ കണ്ടു.സിംഹം വിശന്നു വലഞ്ഞു നിൽക്കുകയായിരുന്നു മുയലിന് സിംഹത്തെ കണ്ട് പാവം തോന്നി.മുയൽ സിംഹത്തിന്റെ അടുത്തേക്ക് ചെന്നു.സിംഹം ഒരു കെണി അവിടെ വെച്ചിട്ടുണ്ടായിരുന്നു മുയൽ ചോദിച്ചു.......
സിംഹചാരെ എന്താ നിങ്ങൾ ഇവിടെ ഇരിക്കുന്നത്
സിംഹം:മുയലെ ഞാൻ കുറേ നാളായി ഭക്ഷണം കഴിച്ചിട്ട് എനിക്ക് ഇപ്പോൾ ഭക്ഷിക്കാൻ ആരേയും കിട്ടുന്നില്ല ചെറു പ്രാണിപോലുമില്ല
മുയൽ :സിംഹചാരെ വിഷമിക്കേണ്ട നിങ്ങൾക്ക് കഴിക്കാൻ ഒരാളെയെങ്കിലും കിട്ടുമെന്ന് പറഞ്ഞു മുയൽ അവിടെനിന്ന്

പോയി.മുയൽ ആ കെണിയുടെ നൂലിൽ ചവിട്ടി ആ കെണി മുയലിന്റെ മേലെ വീണു മുയൽ ആ കെണിയിൽ കുടുങ്ങി സിംഹം പറഞ്ഞു.......മുയലെ നീ എന്റെ കെണിയിൽ കുടുങ്ങി.നീ എന്റെ വാക്കുകൾ വിശ്വസിച്ചു.ഇനി എന്റെ ഭക്ഷണം നീയാണ്.

ഗുണപാഠം :ഈ കഥയിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത് ആരുടെ കെണിയിലും ചെന്ന് വീഴരുത്

ശിവലയ ടി

# മുക്തി

നേരം ഇരുട്ടി ചുറ്റുമുള്ള വീടിലുള്ളവർക്ക് രണ്ടുറക്കം കഴിഞ്ഞു കാണും. അവൻ പതുക്കെ എഴുന്നേറ്റു ജനാല വഴി പുറത്തേക്ക് നോക്കി ആ തിരമാലകൾ തന്നെ മാടിവിളിക്കുന്നതായി അയാൾക്ക് തോന്നി .

ഒരു നിമിഷം കഴിഞ്ഞതെല്ലാം അയാൾ ഓർത്തു തന്റെ കുട്ടികാലം വളരെ ദാരിദ്ര്യം നിറഞ്ഞതായിരുന്നു.അച്ഛൻ ചെറുപ്പത്തിലേ തന്നെ ഉപേക്ഷിച്ച പോയി. അമ്മായിയരുന്നു പിന്നീട് കുടുംബം നോക്കിയത് മകന്റെ വിദ്യാഭ്യാസത്തിനു വേണ്ടി ആ അമ്മ പകലന്തിയില്ലാത പണിയെടുത്തു .എന്നാൽ മകനാകട്ടെ പഠിക്കാൻ വലിയ താത്പര്യം ഇല്ലാത്ത കൂട്ടത്തിലായിരുന്നു. അമ്മയ്ക്ക് എന്നും മകനെ കുറിച്ചോർത്ത് ഉത്ക്കണ്ടു മാത്രം. കുറച്ച വർഷങ്ങൾ കടന്നുപോയി അമ്മയ്ക് വയ്യാതായി കിടപ്പിലായി അതോടെ മകൻ പഠനം നിർത്തി അമ്മയെ നോക്കാൻ അമ്മയുടെ ചികിത്സയ്ക്കുവേണ്ട പണം ഉണ്ടാക്കാൻ ഫുഡ് ഡെലിവറി ചെയ്യുന്ന ആളായി ജോലിക്ക് പോവാൻ തുടങ്ങി.അമ്മയുടെ

വലിയ ഒരു ആഗ്രഹമായിരുന്നു മകനെ ഡോക്ടറാക്കുക എന്നത്. എന്നാൽ തന്റെ മകനിന്ന് തനിക്കുവേണ്ടി പഠനം നിർത്തി ഡെലിവറി ബോയായി ജോലിക്ക് പോവുന്നതോർത്ത് ആ അമ്മയുടെ മനംനൊന്തു അമ്മയുടെ ചികിത്സയ്ക്കു വേണ്ടി അയാൾ കടങ്ങൾ വാങ്ങി . പെട്ടന്നൊരു ദിവസം അമ്മയുടെ കണ്ണുകളടഞ്ഞു ആ വേർപാട് അവന്
താങ്ങാവുന്നതിനുമപ്പുറമായിരുന്നു.മരിക്കു ന്നതിന് മുൻപ്പ് അമ്മ പറഞ്ഞ ഒരേ ഒരു കാര്യം മകനെ നീ പേടിച്ച് ഒരു ഡോക്ടർ ആവണം. എന്നിട്ട് എന്നെ പോലുള്ള ദരിദ്രരെ സഹായിക്കണം എന്നായിരുന്നു . ഒരായ്ച്ച കഴിഞ്ഞു കടംകൊടുക്കാനുള്ളവർ
ഭീഷണിപ്പെടുത്താൻ തുടങ്ങി ഉണ്ടായിരുന്ന ജോലിയും പോയി എന്ത് ചെയ്യണമെന്ന് അറിയാതെ അയാൾ നിന്നും വീണ്ടും ഓർമകളിൽ നിന്ന് തിരിച്ചെത്തി . പെട്ടന്ന് മറ്റൊന്നും ചിന്തിക്കാതെ അയാൾ കടൽ തീരത്തേക്ക് നടന്നു ആ കടൽ വെള്ളം

പതിയെ അയാളെ മൂടാൻ തുടങ്ങി . മരണത്തിന്റെ കൈകകൾ അയാളെ തലോടി പെട്ടന്ന് പുറകിൽനിന്ന് ഒരുവിളി .കുറച്ച കഴിഞ്ഞപ്പോൾ അയാൾ ആ തീരത്ത് കിടന്നു. അയാൾ പതിയെ കണ്ണുതുറന്നു ചുറ്റിലും നോക്കിയപ്പോൾ ഒരു കാത്ത് അയാൾ കണ്ടു . അതെടുത്ത് വായിച്ചു 'സുഹൃത്തേ ആത്മഹത്യ ഒന്നിനും ഒരു പരിഹാരമല്ല . ഈ കൊച്ചു സമ്മാനം സ്വികരിച്ചാലും'

എന്നായിരുന്നു അതിൽ അയാൾ ആ പൊതി തുറന്നു അപ്പോഴതാ തിളങ്ങുന്ന ഒരു മൂക്കുത്തി .അയാളുടെ കണ്ണിൽ നിന്ന് കണ്ണുനീർ പൊഴിഞ്ഞു. നിലാവിനെ സാക്ഷിയാക്കി അയാൾ പ്രതിജ്ഞായെടുത്തു . ഞാനൊരു ഡോക്ടറാകും ഈ മുക്കുത്തിയുടെ ഉടമയെ കണ്ടെത്തും. അങ്ങനെ വർഷങ്ങൾ കടന്നു പോയി വീണ്ടും അയാൾ ആ തീരാത്ത് എത്തി പക്ഷെ ഇന്ന് അയാൾ ഒരു ഡോക്ടറിയിരിക്കുന്നു. തന്റെ അമ്മയുടെ ആഗ്രഹം നിറവേറ്റി എന്നാൽ ആ മുക്കുത്തിയുടെ ഉടമയെ അയാൾക്ക് കണ്ടെത്താൻ കഴിഞ്ഞില്ല. ഉടമയ്ക്ക്

വേണ്ടി അയാൾ തിരഞ്ഞുകൊണ്ടേയിരുന്നു

# പള്ളിക്കൂടം

പള്ളിക്കൂടമാണെൻ
സ്വപ്നം
കൂട്ടുകാരോടൊത്ത്
പഠിക്കാനും
കളിക്കാനും എന്നും നാം
പള്ളിക്കൂടത്തിൽ പോകണം
പള്ളിക്കൂടം കഴിഞ്ഞാൽ
വീട്ടിലേക്ക് പോകണം
വീട്ടിൽ ചെന്ന്
വർക്കുകളെല്ലാം ചെയ്യണം
പിന്നെ വീണ്ടു സ്കൂളിൽ
പോകണം

– ജെറാൾഡ് സിജോ

# മഴ

പെരുമഴ പെരുമഴ പാടത്ത്......
നിറഞ്ഞു കവിഞ്ഞു മഴവെള്ളം ....
പാടവരമ്പുകൾ കാണാതായി ....
തോട്ടും പാടവുംമൊന്നായി ....
തുള്ളിച്ചാടി പരൽമീൻ കൂട്ടം ....
കുമിളകൾ തീർത്തു വെള്ളത്തിൽ ...
കൊറ്റികൾ നിൽക്കാനിടമില്ലാതെ ....
വട്ടം ചുറ്റി വയലിനുമീതെ .....
മഴയും കൊണ്ടു  പാടത്തൂടെ ....
കുളിർക്കാറ്റോടി നടക്കുന്നു .....

**ശിവനന്ദന**

# പൊന്മാൻ

മാൻ മാൻ പൊന്മാൻ
വേഗത്തിൽ ഓട്ടും പൊന്മാൻ
മാൻ മാൻ പൊന്മാൻ
ഓറഞ്ചു നിറമുള്ള പൊന്മാൻ
മാൻ മാൻ പൊന്മാൻ
സുന്ദരിപ്പെണ്ണ് പൊന്മാൻ
മാൻ മാൻ പൊന്മാൻ
മിണ്ടാത്തൊരു പൊന്മാൻ
മാൻ മാൻ പൊന്മാൻ
വല്ലാത്തൊരു പൊന്മാൻ
മാൻ മാൻ പൊന്മാൻ
മൂളുന്നൊരു പൊന്മാൻ
മാൻ മാൻ പൊന്മാൻ
മണ്ടത്താൻ പൊന്മാൻ

**അക്ഷര ടി**

# ഒടുവിൽ

കുട്ടികളിൽസർഗാത്മകത
വളർത്തുന്ന
അക്ഷരക്കൂട്ടങ്ങൾ
ഇനിയും
തുടർന്നുകൊണ്ടേയിരിക്കും .....
ഇതൊരു ഒടുക്കമല്ല........
തുടർച്ചയാണ്......
ഈ അക്ഷരക്കൂട്ടങ്ങൾക്കു
ജീവൻ നൽകിയ എല്ലാവർക്കും
നന്ദി.......